## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **21.06.2018 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 3797**

### കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. വി. എസ്. ശിവകുമാർ** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ശ്രമിക്കുമ്പോൾ അതിൽ ഇടപെടുവാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടു പോകുന്നതിനും ഇടയാകും.<br>ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംബന്ധിച്ച നടപടികളിൽ നിന്ന് പിന്മാറുന്നതിനായി നിരവധി കത്തുകളിലൂടെ അഭ്യർത്ഥിച്ചതുകൂടാതെ എച്ച് എൻ എൽ പോലെയുള്ള സ്ഥാപനങ്ങൾ വിറ്റഴിക്കരുത് എന്നാവശ്യ |

| | | | |
|---|---|---|---|
| | | | പ്പെട്ട് കേരള നിയമസഭ ഐക്യപ്രമേയം പാസ്സാക്കിയിട്ടുണ്ട്. കൂടാതെ സർവ്വ കക്ഷിയോഗം വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്തിട്ടുണ്ട്.<br>കൂടാതെ സംസ്ഥാന സർക്കാരിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതിയിൽ നിന്ന് ഇവ ഏറ്റെടുക്കാൻ കഴിയുമോ എന്ന കാര്യവും പരിശോധിച്ച് വരുന്നു. അതിന്റെ ഭാഗമായി പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചു കഴിഞ്ഞു<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളും സർക്കാർ ആവിഷ്കരിച്ചുവരുന്നു. ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെയും, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. |
| (ബി) | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്വകാര്യവൽക്കരിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ഫാക്ടറി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (ബി) | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് ഘന - വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും വൈവിധ്യവത്കരണത്തിലൂടെ മുന്നോട്ടു പോകുന്നതിനും ആവശ്യമായ |

| | | | |
|---|---|---|---|
| | | | തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടാകണമെന്ന് കേരള നിയമസഭ 2017 മാർച്ച് 13-ാം തിയതി ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും ആയത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. എന്നാൽ HNL നെ വിറ്റഴിക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിന്റെ ഭാഗമായി Expression of Interest (EoL) ക്ഷണിച്ചിരിക്കുകയും പ്രസ്തുത പൊതുലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 14.06.2018 ൽ ഈ സ്ഥാപനം ഏറ്റെടുക്കാൻ സംസ്ഥാനം തയ്യാറാണ് എന്ന് കാണിച്ച് കേന്ദ്ര ഘനവ്യവസായ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. |
| **(സി)** | പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്ന നടപടി പൂർത്തിയായോ; എത്ര കോടി രൂപയുടെ ബാധ്യതയാണ് സർക്കാരിന് ഇതിലൂടെ ഉണ്ടാകുന്നത്; | **(സി) & (ഡി)** | ഈ യൂണിറ്റ് 53.02 കോടി ആസ്തിയോടുകൂടി 01.06.2018 മുതൽ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>ജീവനക്കാരുടെ വേതനം, കുടിശിക തുടങ്ങിയവ സംബന്ധിച്ച് തൊഴിലാളികളും ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും തമ്മിൽ കോടതിയിൽ നിലനിൽക്കുന്നതും ഇതുമായി ബന്ധപ്പെട്ട് ഭാവിയിൽ ഉണ്ടാകുന്നതുമായ എല്ലാ വ്യവഹാരങ്ങളിലേയും വിധികളുടെ അടിസ്ഥാനത്തിൽ ഈ കാര്യം അവർക്കിടയിൽ തന്നെ പരിഹരിക്കപ്പെട്ടുമെന്നാണ് ധാരണ ആയിട്ടുള്ളത്. |
| **(ഡി)** | പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് 2007 മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണത്തിലെ കുടിശ്ശിക കേന്ദ്ര സർക്കാർ നൽകുന്നതിന് തയ്യാറായിട്ടുള്ളതായി അറിവുണ്ടോ; കുടിശ്ശിക നൽകുന്നില്ലെങ്കിൽ പ്രസ്തുത ബാധ്യതകൂടി സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടോയെന്നറിയിക്കാമോ? | | |

Bindu. T

**സെക്ഷൻ ഓഫീസർ**